**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **06-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിൽ വൈദ്യുതിയും ഡിജിറ്റൽ പഠനവും സാദ്ധ്യമാക്കല്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി പട്ടികജാതി - പട്ടിക വർഗ്ഗ വികസന വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത കോളനികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ ഏതെങ്കിലും പൊതുഇടത്ത് ANERT-ന്റെ സഹായത്തോടെ സോളാർ പാനലുകൾ സ്ഥാപിച്ച് വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്‌വർക്കിന്റെയോ ടവറുകളുടെയോ അഭാവം മൂലം ഡിജിറ്റൽ പഠനം വിദ്യാർത്ഥികൾക്ക് സാധിക്കാതെ വരുന്നതും പല വിദ്യാർത്ഥികളും പാറപ്പുറത്തും മരത്തിന് മുകളിലും കയറി അപകടത്തിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. കണ്ണൂർ ജില്ലയിൽ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ പന്നിയോട് കോളനിയിലെ ഒരു വിദ്യാർത്ഥി മരത്തിൽ നിന്നു വീണിരുന്നു. എന്നാൽ അത് ഡിജിറ്റൽ കണക്റ്റിവിറ്റി ലഭിക്കുന്നതിന് വേണ്ടി മരത്തിൽ കയറിയപ്പോൾ സംഭവിച്ചതാണോ എന്ന കാര്യത്തിൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഇദ്ദേഹത്തിന് പരിയാരം ഗവ. മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാക്കുകയും ധനസഹായം വകുപ്പ് മുഖേന നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇവർക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനും പഠനശ്രമത്തിനിടെ അപകടത്തിൽപെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇത്തരത്തിൽ എത്ര പേർക്ക് സഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിൽ അപകടത്തിൽപ്പെട്ട ഒരാൾക്ക് സൗജന്യ ചികിത്സയും ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ എത്തിക്കുന്നതിനും തിരികെ വീട്ടിൽ എത്തിക്കുന്നതിനും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടി വിദ്യാർത്ഥിയുടെ വീട്ടിൽ ഉൾപ്പെടെ ടി കോളനിയിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ